പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട
ചോദ്യം നമ്പർ : 234

27/01/2014-ൽ
മറുപടിയ്ക്കു്

**ക്ഷേത്രങ്ങളിലെ അയിത്താചരണം**

ചോദ്യം

ശ്രീ. കെ. സുരേഷ് കുറുപ്പ്
ഡോ. കെ.ടി. ജലീൽ
ശ്രീ. എസ്. ശർമ്മ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

എ) ഗുരുവായൂർ ക്ഷേത്രത്തിൽ ജാതിയുടെ പേരിൽ കലാകാരനെ അകറ്റി നിർത്തിയെന്ന വാർത്തയെക്കുറിച്ച് അന്വേഷണം നടത്തിയോ;

എ) പ്രസ്തുത സംഗതിയെക്കുറിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിന് റിട്ട. ജഡ്ജി യുടെ സേവനം പ്രയോജനപ്പെടുത്തുവാൻ ഗുരുവായൂർ ദേവസ്വം ഭരണ സമിതി തീരുമാനിച്ചിട്ടുണ്ട്. കൂടാതെ ദേവസ്വം നേരിട്ടല്ലാതെ പിള്ളേർ താലപ്പൊലി നടത്തരുത് എന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

ബി) പല ക്ഷേത്രങ്ങളിലും അയിത്താചരണം നിലനിൽക്കുന്നുണ്ടെന്ന മനുഷ്യാവകാശ കമ്മീഷൻെറ പ്രസ്താവനയുടെ അടിസ്ഥാനത്തിൽ വിശദമായ അന്വേഷണം നടത്തിയിരുന്നോ; വിശദാംശം അറിയിക്കുമോ;

സി) അയിത്താചാരണം നടത്തുന്നവരെ മാതൃകാപരമായി ശിക്ഷിക്കാൻ നടപടി സ്വീകരിച്ചിരുന്നോ; വിശദാംശം നൽകുമോ?

ബി) & സി) മലബാർ ദേവസ്വം ബോർഡിന് കീഴിൽ കാസർഗോഡ് ഡിവിഷനിൽ ശ്രീ. ടി.ടി.കെ. ദേവസ്വം ഗ്രൂപ്പിൽപ്പെട്ട ക്ഷേത്രങ്ങളിലെ അസമത്വം സംബന്ധിച്ച് മനുഷ്യാവകാശ കമ്മീഷന് ലഭിച്ച പരാതിയിന്മേൽ ഉണ്ടായ ഉത്തരവിനെത്തുടർന്ന് പ്രസ്തുത ദേവസ്വം അന്വേഷണം നടത്തുകയും അയിത്തോച്ചാടന നിയമം അനുസരിച്ച് ക്ഷേത്രങ്ങളിൽ യാതൊരുവിധ അസമത്വങ്ങളും വെച്ച് പുലർത്താൻ പാടില്ലെന്നും കുറ്റം ചെയ്യുന്നവർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതാണെന്നും ഇത് സംബന്ധിച്ച് ക്ഷേത്ര ജീവനക്കാർക്ക് പ്രത്യേക നിർദ്ദേശം നൽകിയിട്ടുമുണ്ട്. കേരളത്തിലെ ഒരു ക്ഷേത്രത്തിലും അയിത്താചാരണം നിലനിൽക്കുന്നില്ല.

സെക്ഷൻ ഓഫീസർ